# Desabhimani

# 24 July 2018

# Kochi, Relief from the Rain

## മഴയ്ക്ക് ശമനം; ക്യാമ്പുകളിൽ ആളൊഴിയുന്നു

**കൊച്ചി**

കനത്ത മഴയെ തുടർന്ന് ജില്ലയുടെ വിവിധ കേന്ദ്രങ്ങളിൽ തുറന്ന ദുരിതാശ്വാസ ക്യാമ്പുകളിൽ അവശേഷിക്കുന്നത് ഏതാനും ക്യാമ്പുകൾ. 98 കുടുംബങ്ങളിലായി 349 പേരാണ് ക്യാമ്പുകളിൽ കഴിയുന്നത്. പറവൂർ, കണയന്നൂർ, ആലുവ താലൂക്കുകളിലാണ് ക്യാമ്പുകൾ പ്രവർത്തിക്കുന്നത്. പറവൂർ താലൂക്കിലെ എംഐയുപി സ്കൂൾ, വെളിയത്തുനാട്, കണയന്നൂർ താലൂക്കിലെ ജിഎച്ച്എസ് വെണ്ണല, സെന്റ് മേരീസ് യുപി സ്കൂൾ, തുതിയൂർ, അങ്കണവാടി നമ്പർ 79 മേക്കര, പകൽവീട്, എരൂർ, ആലുവ താലൂക്കിലെ ജിഎൽപിഎസ്, വട്ടപ്പറമ്പ് എന്നിവിടങ്ങളിലാണ് ക്യാമ്പുകളുള്ളത്. വട്ടപ്പറമ്പ് ജിഎൽപിഎസ് ക്യാമ്പിലാണ് കൂടുതൽ ആളുകൾ ഉള്ളത്. ഇവിടെ 46 കുടുംബങ്ങളിലെ 157 പേരാണ് കഴിയുന്നത്. മഴ ശമിച്ചതോടെ ക്യാമ്പുകൾ ചൊവ്വാഴ്ചയോടെ പ്രവർത്തനം അവസാനിപ്പിച്ചേക്കും.